പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3185 — 11/12/2014 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് I.G. (മോഡോണൈസേഷൻ) എന്ന തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തിക നിലവിൽ വന്നത് എന്നു മുതലാണ്; വ്യക്തമാക്കുമോ; | എ) | ഉണ്ട്. 8/6/2012 ലെ ജി.ഒ.(എം.എസ്) 98/2012/റ്റിഡി. നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന തസ്തിക നിലവിൽ വന്നു. |
| ബി) ടി ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്താണെന്ന് വ്യക്തമാക്കുമോ; നാളിതുവരെയായി മോഡോണൈസേഷന്റെ ഭാഗമായി രജി സ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പ്രവൃത്തികൾ നിർവഹിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ; | ബി) | ടി ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു:<br>1. രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുക.<br>2. ഫെയർവാല്യു നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക.<br>3. രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക.<br>4. റവന്യൂ രേഖകളിലെ ഓൺലൈൻ മ്യൂട്ടേഷൻ, കമ്പ്യൂട്ടറൈസേഷൻ, ഇ-ഗവേണൻസ് മുതലായവ സാധ്യമാക്കാനായി റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള എൻ.എൽ.ആർ.എം.പി. പദ്ധതിക്ക് കീഴിലുള്ള സമഗ്രസേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ നീക്കാനുള്ള ശുപാർശകൾ നൽകുക. |

......2

രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 311 സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവത്ക്കരിച്ചു. പൊതുജനങ്ങൾക്ക് ആധാരവിവരങ്ങൾ ഇന്റർനെറ്റ് മുഖാന്തിരം അറിയുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആധാര രജിസ്ട്രേഷനുകൾക്കായി ആധാരകക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൗകര്യം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

സി) മോഡോണൈസേഷന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്ഥാപിച്ച കമ്പ്യൂട്ടറുകളും U.P.S. കളും പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര ഓഫീസുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

സി)

| | |
|---|---|
| തിരുവനന്തപുരം | 02 |
| കൊല്ലം | 03 |
| ആലപ്പുഴ | 05 |
| പത്തനംതിട്ട | 01 |
| ഇടുക്കി | 01 |
| എറണാകുളം | 02 |
| തൃശ്ശൂർ | 08 |
| മലപ്പുറം | 03 |
| കോഴിക്കോട് | 05 |
| കണ്ണൂർ | 06 |
| **ആകെ** | **36** |

ഡി) എങ്കിൽ ആയവ മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഡി) കേടായ യു.പി.എസ്. ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.